## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7860 16/07/2014-ൽ മറുപടിക്ക്

# കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യുടെ വർദ്ധിച്ചുവരുന്നസാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ആർ.എ.പി.ഡി. ആർ.പി., ആർ.ജി.ജി.വി.വൈ., തുടങ്ങിയ വിവിധ പുതിയ വൈദ്യുത ഉൽപ്പാദന-പ്രസരണ-വിതരണ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയ ബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ദീർഘ-കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും സർക്കാരിൽ നിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും ചെലവ് കുറയ്ക്കുവാനാണ് ബോർഡ് ശ്രമിക്കുന്നത്. |
| (ബി) തകരാറിലായതും ശരിയായ റീഡിംഗ് കാണിക്കാത്തതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് സാമ്പത്തിക പ്രതിസന്ധിക്ക് ഒരു വലിയ കാരണമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല, മീറ്റർ കേടായ കാലയളവിലെ വൈദ്യുതി ചാർജ്ജ്, മീറ്റർ കേടാകുന്നതിന് മുൻപുള്ള ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ബാധകമല്ല. |
| (ഡി) സംസ്ഥാനത്ത് ഇപ്രകാരം മാറ്റിസ്ഥാപിക്കേണ്ടതായ എത്ര മീറ്ററുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കുമോ; എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്; | (ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏകദേശം 22,76,360 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. മെയ് 2014 ലെ കണക്കനുസരിച്ച് ഏകദേശം 5,70,700 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ ബാക്കിയുണ്ട്. |

(....2)

| | |
|---|---|
| ഇനിയും മാറ്റി സ്ഥാപിക്കുന്നതിനായി എത്ര മീറ്ററുകൾ ബാക്കിയിട്ടുണ്ട്; വിശദമാക്കുമോ? | പുതിയ മീറ്ററുകൾ വാങ്ങാൻ സത്വര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ